## കേന്ദ്ര ധനസഹായ വിനിയോഗം

*6 [5] *ശ്രീ. പി. കെ. കെ. ബാവ:*

„ *സി. മമ്മൂട്ടി:*

„ *കളത്തിൽ അബ്ദുള്ള:*

„ *സി. മോയിൻകുട്ടി:*

„ *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന സർക്കാരിന് അനുവദിക്കുന്ന ധനസഹായങ്ങൾ അതനുവദിക്കുന്ന കാര്യങ്ങൾക്കായി യഥാകാലം ചെലവഴിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഒരു സംവിധാനം ഉണ്ടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) & (ബി) സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിലെ സി. പി. എം. യൂണിറ്റാണ് എല്ലാ മാസവും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഉള്ള പദ്ധതി പുരോഗതി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മാസാന്തര പദ്ധതി പുരോഗതി റിപ്പോർട്ട് തയ്യാറാക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന സർക്കാരിനനുവദിക്കുന്ന ധനസഹായത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പരിപാടികളുടെ മാസാന്തര പുരോഗതി റിപ്പോർട്ട് പ്രത്യേകമായി തയ്യാറാക്കുകയും മുഖ്യമന്ത്രിക്ക് എല്ലാ മാസവും സമർപ്പിക്കുകയും ചെയ്യാറുണ്ട്. പദ്ധതി പുരോഗതി അവലോകനത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറി, സെക്രട്ടറിമാരുടെ മാസാന്തര യോഗങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതിയും അവലോകനം ചെയ്തുവരുന്നു. കാലാകാലങ്ങളിൽ മുഖ്യമന്ത്രിയും സെക്രട്ടറിമാരുടെ യോഗങ്ങൾ വിളിച്ചു ചേർത്തുകൊണ്ട് ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ ഈ വർഷം മുതൽ സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ ബന്ധപ്പെട്ട വകുപ്പു തലവൻമാരുടെ യോഗം വിളിച്ചുചേർത്ത് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly